LIBRARY ARCHIVES Kerala Legislative Assembly

## എറണാകുളം ഗവ. പ്രസ്സ് തൊഴിലാളികൾക്ക് സ്റ്റൈപ്പെൻറ് നൽകാൻ നടപടി

56. [2354] ശ്രീ. ഉമ്മൻചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം ഗവ: പ്രസ്സിൽ തൊഴിൽ പരിശീലനം നേടുന്ന 14 അപ്രൻറീസുകൾക്ക് കഴിഞ്ഞ നാലു മാസക്കാലമായി സ്റ്റൈപ്പെൻറ് കൊടുക്കുന്നില്ല എന്ന വിവരം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(സി) എത്രയും വേഗം ഇവർക്ക് സ്റ്റൈപ്പെൻറ് കൊടുക്കുവാൻ നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ) ഉണ്ട്.

(ബി, സി) സ്റ്റൈപ്പെൻറ് കൊടുക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## പറമ്പിക്കുളം വന്യജീവി സങ്കേതത്തിൽ ഫോറസ്റ്റ് ലോഡ്ജ് പണിയുവാൻ നടപടി

57. [2355] ശ്രീ. പി. സീതി ഹാജി :
,, പി. എം. അബൂബക്കർ :
,, കെ. മൊയ്തീൻകുട്ടി ഹാജി :
,, കൊരമ്പയിൽ അഹമ്മദ് ഹാജി :
,, പി. കെ. കുഞ്ഞാലിക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പറമ്പിക്കുളം വന്യജീവി സങ്കേതത്തിൽ ഫോറസ്റ്റ് ലോഡ്ജ് പണിയുവാൻ ഉദ്ദേശമുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന് എന്തു ചെലവ് വരും ;

(സി) പണി എന്നു പൂർത്തിയാകും ?

### ഉത്തരം

(എ) ഉണ്ട്.

(ബി) ഉദ്ദേശം 23 ലക്ഷം രൂപ.

(സി) 1991-92 സാമ്പത്തിക വർഷത്തിൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.